"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രിയിൽ നഴ്സിംഗ് ഓഫീസർമാരായ ശ്രീമതി. പ്രീത മോഹനൻ, ശ്രീമതി. അശ്വതി മോഹൻ എന്നിവർ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) 463/2026 നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് അനുപാലനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബ ക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2160/2026/H&FWD തീയതി,തിരുവനന്തപുരം, 30-06-2026

---

പരാമർശം:-

1. ശ്രീമതി. പ്രീത മോഹനൻ സമർപ്പിച്ച 27.03.2026-ലെ നിവേദനം. (അനുബന്ധം A7)
2. ശ്രീമതി. അശ്വതി മോഹൻ സമർപ്പിച്ച 27.03.2026-ലെ നിവേദനം. (അനുബന്ധം A8)
3. ഒ.എ. (ഇ.കെ.എം) 463/2026 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 30.03.2026-ലെ ഉത്തരവ്.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 04.06.2026-ലെ DHS/11784/2026-EE1 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിൽ നഴ്സിംഗ് ഓഫീസർമാരായി ജോലി ചെയ്യുന്ന ശ്രീമതി.പ്രീത മോഹനൻ, ശ്രീമതി.അശ്വതി മോഹൻ എന്നിവർ ഇടുക്കി ജില്ലയിലെ ഹൈറേഞ്ച് പ്രദേശങ്ങളിലേക്കുള്ള ഒഴിവുകളിൽ നിയമിക്കുന്നതിൽ നിന്നും ഒഴിവാക്കി ലോ റേഞ്ച് പ്രദേശങ്ങളിൽ നിലവിലുള്ള ഒഴിവുകളിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (1), (2) നിവേദനങ്ങൾ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യുണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം)463/2026 നമ്പർ കേസിൽ 30.03.2026-ൽ പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവിൽ, അനുബന്ധം A7, A8 എന്നിവ പരിഗണിച്ച്, ഉത്തരവിന്റെ ഒരു പകർപ്പ് ലഭിക്കുന്ന തീയതി മുതൽ ആറാഴ്ചയ്ക്കുള്ളിൽ, ഉചിതമായ ഉത്തരവുകൾ

പുറപ്പെടുവിക്കണമെന്ന് ഒന്നാം എതിർ കക്ഷിയായ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിക്കുകയുണ്ടായി

**3.** ഇടുക്കി ജില്ലാ ആശുപത്രിയിൽ നഴ്സിംഗ് ഓഫീസർമാരായി യഥാക്രമം **20.10.2019, 26.10.2017** തീയതികളിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. പ്രീതമോഹനനും ശ്രീമതി. അശ്വതി മോഹനും നഴ്സിംഗ് ഓഫീസർ ഗ്രേഡ് **1** സ്ഥാനക്കറ്റം ലഭിച്ച് **15.11.2025**-ന് വയനാട് ജില്ലയിലേക്ക് സ്ഥലംമാറ്റം ചെയ്യപ്പെടുകയും തുടർന്ന് **05.03.2026**-ന് ഇടുക്കി ജില്ലയിലേക്ക് സ്ഥലം മാറ്റം ലഭിക്കുകയും ചെയ്തു എന്ന് പരാമർശം **(4)** കത്തു പ്രകാരം ആരോഗ്യ വകുപ്പു ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ആകുന്നതിനു മുമ്പ് ഇടുക്കി ജില്ലയിലെ സൗകര്യപ്രദമായ സ്റ്റേഷനുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് **06/03/2026**-ന് ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ടി ജീവനക്കാരുടെ സൗകര്യാർത്ഥം തൊടുപുഴ ജില്ലാശുപത്രി, മുട്ടം സാമൂഹികാരോഗ്യ കേന്ദ്രം, അറക്കുളം ഫാമിലി ഹെൽത്ത് സെന്റർ എന്നീ സ്ഥാപനങ്ങളാണ് സ്ഥലംമാറ്റത്തിനായി തെരഞ്ഞെടുത്തിരുന്നത് എന്നും ആരോഗ്യ വകുപ്പു ഡയറക്ടർ റിപ്പോർട്ടു ചെയ്തിരുന്നു.

**4.** സ്ഥലംമാറ്റ സമയത്ത്, നിലവിലെ നിയമങ്ങൾക്കു വിധേയമായി ഇടുക്കി ജില്ലയിലേയ്ക്കുള്ള മറ്റ് ജീവനക്കാരുടെ അപേക്ഷകളുടെ സീനിയോറിറ്റി പട്ടിക പ്രകാരം ഈ ജില്ലയിലെ അപേക്ഷകർക്ക് മുൻഗണന നൽകി അർഹരായവർക്ക് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് ഇറങ്ങിയതിനാൽ, വേക്കൻസി നികത്തപ്പെടുകയും ടി ജീവനക്കാരുടെ അപേക്ഷ പരിഗണിക്കാൻ സാധിക്കാതെ വരികയും ചെയ്തു. അപേക്ഷകർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്കു വിധേയമായി സ്ഥലം മാറ്റം അനുവദിക്കാവുന്നതാണെന്നും പരാമർശം **(4)** പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

**5.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി അർഹരായവർക്ക് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചതുമൂലം ലഭ്യമായ വേക്കൻസി നികത്തപ്പെടുകയും ശ്രീമതി.പ്രീത മോഹനൻ, ശ്രീമതി.അശ്വതി മോഹൻ എന്നിവരുടെ അപേക്ഷ പരിഗണിക്കുവാൻ സാധിക്കാതെ വരികയും ചെയ്തതിനാൽ, അപേക്ഷകർ ആവശ്യപ്പെട്ട സ്ഥലങ്ങളിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്കു വിധേയമായി സ്ഥലം മാറ്റം അനുവദിക്കേണ്ടതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട്, വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിൽ നഴ്സിംഗ് ഓഫീസർമാരായ ശ്രീമതി. പ്രീത മോഹനൻ, ശ്രീമതി. അശ്വതി മോഹൻ എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത **OA (EKM) No. 463/2026** കേസിലെ പരാമർശം **(3)** പ്രകാമുള്ള അന്തിമ ഉത്തരവ് അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി. പ്രീത മോഹനൻ, നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1, മാനന്തവാടി ജില്ലാ ആശുപത്രി, വയനാട്. (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ശ്രീമതി. അശ്വതി മോഹൻ, നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1, മാനന്തവാടി ജില്ലാ ആശുപത്രി, വയനാട്. (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (C3/121/2026-HEALTH).

ഉത്തരവിൻ പ്രകാരം,

Signed by
Gayathri G
Date: 30-06-2026 12:34:48
സെക്ഷൻ ഓഫീസർ